**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3999 — 15.03.2017 -ൽ മറുപടിക്ക്

## ടൂറിസത്തിന്റെ സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. എ.എൻ. ഷംസീർ<br>ശ്രീമതി. യു. പ്രതിഭാ ഹരി<br>ശ്രീ. എം. സ്വരാജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിദേശ വിനോദ സഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാധ്യതകൾ അവതരിപ്പിച്ച് ടൂറിസം വികസനത്തിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | എ) വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. 2016-17 സാമ്പത്തിക വർഷത്തിൽ PATA ട്രാവൽ മാർട്ട് (ജക്കാർത്ത), JATA ടൂറിസം എക്സ്പോ (ടോക്യോ), ITB ഏഷ്യ (സിംഗപ്പൂർ), WTM ലണ്ടൻ, നെതർലാന്റ് ഫിറ്റൂർ (മാഡ്രിഡ്), ITB (ബർലിൻ), MITT (മോസ്കോ) എന്നീ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു<br>2. 2016-17 സാമ്പത്തിക വർഷത്തിൽ മലേഷ്യ, ആസ്ട്രേലിയ, അയർലന്റ്, സ്വീഡൻ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, ചെക്ക് റിപ്പബ്ലിക്, സ്പെയിൻ, റഷ്യ, ഉക്രെയിൻ എന്നിവിടങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു<br>3. Online PR Campaign നുള്ള നടപടി സ്വീകരിച്ചു. |

4. കേരള ബ്ലോഗ് എക്സ്പ്രസ്സിന്റെ നാലാം പതിപ്പ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

5. കേരളത്തെ ഹണിമൂൺ ഡെസ്റ്റിനേഷനായി മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. Off Season Promotion Campaign നടപ്പാക്കി വരുന്നു.

7. കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകൾക്ക് ടൂറിസ്റ്റ് വിസ ഓൺ അറൈവൽ സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

8. പരമ്പരാഗത വിപണികളായ യു.കെ, ഫ്രാൻസ്, ജർമനി, എന്നിവ കൂടാതെ വളർന്നു വരുന്ന വിപണികളായ യു.എസ്. മിഡിൽ ഈസ്റ്റ് എന്നിവ കേന്ദ്രീകരിച്ചുള്ള പ്രചരണ പരിപാടികൾ നടപ്പാക്കി വരുന്നു.

9. സ്പൈസ് റൂട്ട്, മുസിരിസ് എന്നിവയെ മുൻനിർത്തി പൈതൃക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

10. MICE ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു.

11. കൊച്ചി ബിനാലെയെ വിദേശ മാർക്കറ്റുകൾക്ക് പരിചയപ്പെടുത്തുന്നതിനായി ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് വിദേശ രാജ്യങ്ങളുടെ TV ചാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | കേരളത്തിന്റെ ഉത്തരവാദ ടൂറിസം സംരംഭങ്ങൾക്ക് ഐക്യരാഷ്ട്രസഭയുടെ ടൂറിസം സംഘടനയായ യു.എൻ.ഡബ്ല്യൂ.ടി.ഒ. അംഗീകാരം നൽകിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | യു.എൻ. വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ചെറുകിട വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് സാക്ഷ്യപത്രം നൽകാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | സി) | പരിശോധിച്ചു വരുന്നു. |
| ഡി) | വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.